# ‘ഇവർ എന്താണ് ആഗ്രഹിക്കുന്നത്?’

عَنْ عَائِشَةَ رَضِي اللهُ عَنْهَا: اَنَّ رَسُولَ اللهِ ﷺ قَال: مَامِنْ يَوْمٍ اَكْثَرَ مِنْ أَنْ يُعْتِقَ اللهُ فِيهِ عَبْدًا مِنَ ا لنَّارِ مِنْ يَوْمِ عَرَفَةَ، وَاِنَّهُ لَيَدْنُوا ثُمَّ يُبَاهِي بِهِمُ الْمَلَائِكَةَ فَيَقُولُ: مَا اَرَادَ هَؤُلَاءِ ( المسلم)

**ആഇശ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: അല്ലാഹു അവന്റെ അടിമകളെ നരകത്തിൽ നിന്ന് അറഫാ ദിനത്തിൽ മോചിപ്പിക്കുന്നതിലേറെ മോചിപ്പിക്കുന്ന മറ്റൊരു ദിവസവുമില്ല. അന്ന് അവൻ കൂടുതൽ അടുത്ത് വരുന്നു. തുടർന്ന് അവരുടെ (ഹാജിമാരുടെ) കാര്യത്തിൽ അഭിമാനം പ്രകടിപ്പിച്ചുകൊണ്ട് മലക്കുകളോട് ചോദിക്കും: “ഇവർ എന്താണ് ആഗ്രഹിക്കുന്നത്?” (മുസ്‌ലിം)**

വിശ്വാസി ലോകത്തിന്റെ പ്രാർഥനകളേറ്റുവാങ്ങി, മുസ്‌ലിം ജനകോടികളുടെ പ്രതിനിധികൾ പരിശുദ്ധ ഹജ്ജ് കർമത്തിന്റെ സുപ്രധാന അനുഷ്ഠാനമായ അറഫയിലെ നിറുത്തത്തിന് വേണ്ടി സമ്മേളിക്കുന്ന ദിവസത്തിന്റെ മഹത്വവും ശ്രേഷ്ഠതയും ഉദ്‌ഘോഷിക്കുന്നു പ്രകൃത നബിവചനം. അല്ലാഹുവിന്റെ അതിഥികളായി നാനാ ദേശങ്ങളിൽ നിന്നുള്ള നാനാ വർണക്കാരും ഭാഷക്കാരുമായ തീർഥാടക ലക്ഷങ്ങൾ തങ്ങളുടെ വേഷ ഭാഷാ വർഗ-വർണ വൈജാത്യങ്ങൾ മറന്ന് ഒന്നായി, ഒരൊറ്റ വർണവും സ്വരവും സ്വീകരിച്ച് അറഫയിലൊത്തുകൂടുന്ന വേളയിൽ തന്റെയീ അടിമകളെ ചൂണ്ടി അല്ലാഹു സമീപസ്ഥരായ മലക്കുകളോട് സാഭിമാനം സംസാരിക്കുമെന്ന് ഉപര്യുക്ത വചനം വ്യക്തമാക്കുന്നു. ‘ഹജ്ജ് എന്നാൽ അറഫയാണ്’ എന്ന നബിവചനവും അറഫാ ദിനത്തിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്.

വിശ്വാസികളെ സംബന്ധിച്ചേടത്തോളം പ്രചോദനാത്മകവും പ്രോത്സാഹജനകവുമായിട്ടല്ലാതെ ഒരു അനുഷ്ഠാനത്തിനും അല്ലാഹു അവരോട് കൽപിക്കുന്നില്ല. ഓരോ അനുഷ്ഠാനത്തിനും അതിമഹത്തായ അനുഗ്രഹങ്ങളും പ്രതിഫലങ്ങളുമാണ് അവൻ വാഗ്ദാനം ചെയ്യുന്നത്. ഉപരിസൂചിത വചനവും അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.

നബി(സ) പറഞ്ഞു: “അല്ലാഹുവിങ്കൽ അറഫാ ദിനത്തേക്കാൾ ശ്രേഷ്ഠമായ ഒരു ദിനവുമില്ല. അന്ന് അല്ലാഹു ഭൂമിയുടെ സമീപ വാനത്തേക്ക് ഇറങ്ങിവരും. എന്നിട്ട് ആകാശവാസികളോട് ഭൂനിവാസികളെ കുറിച്ച് അഭിമാനം കൊണ്ട് പറയും: എന്റെ അടിമകളെ നോക്കൂ! ജടപിടിച്ച്, പൊടിപിടിച്ച് പ്രഭാതത്തിൽ അവർ വന്നിരിക്കുന്നത് എന്റെ കാരുണ്യം മാത്രം കാംക്ഷിച്ചുകൊണ്ടാണ്. എന്റെ ശിക്ഷയാണെങ്കിൽ അവർ കണ്ടിട്ടുമില്ല. ഈ അറഫാ ദിനത്തേക്കാൾ കൂടുതൽ നരക വിമോചിതരുണ്ടാകുന്ന മറ്റൊരു ദിനവും കാണപ്പെടുകയില്ല.”

അനസ്ബ്നു മാലിക്(റ) പറഞ്ഞതായി ഇബ്നുൽ മുബാറക് ഉദ്ധരിക്കുന്നു: നബി(സ) അറഫയിൽ നിന്നു. അപ്പോൾ സൂര്യൻ അസ്തമിക്കാറായിരുന്നു. അവിടുന്ന് പറഞ്ഞു: “ഓ ബിലാൽ, ജനങ്ങളെ നിശ്ശബ്ദരാക്കി നിർത്തുക.” ഉടനെ ബിലാൽ എഴുന്നേറ്റ് പറഞ്ഞു: “ജനങ്ങളേ, നബി(സ)ക്ക് വേണ്ടി എല്ലാവരും നിശ്ശബ്ദരാകുവിൻ!” അവർ നിശ്ശബ്ദരായി. അനന്തരം നബി(സ) പറഞ്ഞു: “ജനങ്ങളേ, ജിബ്‌രീൽ ഇപ്പോൾ എന്റെയടുത്ത് വരികയും അല്ലാഹുവിന്റെ സലാം അറിയിക്കുകയും ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു: അല്ലാഹു അറഫയിലെയും മശ്അറുൽ ഹറാമിലെയും ആളുകൾക്ക് പൊറുത്തു കൊടുത്തിരിക്കുന്നു; അവരുടെ പിന്നാലെ വരുന്നവർക്കും.” അപ്പോൾ ഉമർ(റ) എഴുന്നേറ്റ് നിന്ന് ചോദിച്ചു: “പ്രവാചകരേ, ഇത് നമുക്ക് മാത്രം സവിശേഷമായുള്ളതാണോ?” അവിടുന്ന് പറഞ്ഞു: “നിങ്ങൾക്ക് ശേഷം അന്ത്യനാൾ വരെ വരുന്നവർക്ക് കൂടി ഉള്ളതാണ്.” ഉമർ (റ) പറഞ്ഞു: “അല്ലാഹുവിന്റെ അനുഗ്രഹം വർധിച്ചതായിരിക്കുന്നു.”

അറഫയിലൊത്തുകൂടി, കരയുന്ന കണ്ണുകളുമായി കുറ്റങ്ങളേറ്റ് പറഞ്ഞ് പാപമുക്തിക്കും ദിവ്യകാരുണ്യത്തിനും അപേക്ഷിക്കുന്ന അടിമകളോടുള്ള അല്ലാഹുവിന്റെ അളവറ്റ കാരുണ്യാതിരേകത്തിന്റെയും സന്തോഷ പ്രകടനത്തിന്റെയും വർണനകളാണ് മേൽ പറഞ്ഞ ഹദീസുകളെല്ലാം നൽകുന്നത്.

അറഫാദിനത്തിന്റെ അനുഗ്രഹങ്ങൾ അന്നവിടെ സമ്മേളിക്കുന്ന തീർഥാടകർക്ക് മാത്രമുള്ളതല്ല, മറിച്ച് അവരുടെ സഹോദരങ്ങളായ ലോകത്തെങ്ങുമുള്ള മുഴുവൻ വിശ്വാസി സമൂഹത്തിനു കൂടി ഉള്ളതാണ്. ലോക മുസ്‌ലിംകളുടെ പ്രതിനിധികൾ അറഫയിൽ സംഗമിക്കുന്ന ദുൽഹജ്ജ് 9-ന് അവരോട് ഐക്യദാർഢ്യപ്പെട്ടുകൊണ്ട് വ്രതമനുഷ്ഠിക്കുകയെന്നത് ഇതര മുസ്‌ലിംകളുടെ മേൽ ഐഛിക ബാധ്യതയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഇതുകൊണ്ടാണ്. ഈ അനുഷ്ഠാനത്തിന്റെ കൽപനയിലും കാണാം പ്രചോദക വാക്കുകൾ. ഏറെ ശ്രേഷ്ഠത കൽപിക്കപ്പെട്ടിട്ടുള്ള ഈ വ്രതമനുഷ്ഠിക്കുക വഴിയും പുണ്യ സമ്പാദനവും പാപ മോചനവും നരക വിമുക്തിയും തന്നെയാണ് അല്ലാഹു വിശ്വാസികൾക്ക് വാഗ്ദാനം ചെയ്യുന്നത്. നബി(സ) പറഞ്ഞു: “അറഫാ നോമ്പ് ഓരോ വിശ്വാസിയുടെയും അതിന് മുമ്പുള്ളതും ശേഷമുള്ളതുമായ ഓരോ വർഷത്തെയും പാപങ്ങൾ പൊറുപ്പിക്കും” (മുസ്‌ലിം).

ആഇശ(റ)യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീസിൽ ഇപ്രകാരം പറയുന്നു: “അറഫാ ദിവസത്തിലേതിനേക്കാൾ കൂടുതലായി അല്ലാഹു നരകത്തിൽ നിന്ന് ആളുകളെ മോചിപ്പിക്കുന്ന മറ്റൊരു ദിവസവുമില്ല” (മുസ്‌ലിം). ■